


സങ്കേതഭവനത്തിലേക്ക് താങ്കളെയും കുടുംബത്തെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു. ആദ്യമായി നമുക്ക് സകലത്തിനും ദൈവത്തിന് നന്ദി പറയാം. ഇന്ന് താങ്കളെയും കുടുംബത്തെയും സങ്കേതഭവനത്തിൽ എത്തിച്ച പിതാവിന്റെ ആകർഷണത്തിനും ഇപ്പോഴത്തെ പ്രശ്നത്തിനും ദുഃഖത്തിനും വിഷമത്തിനും നന്ദി പറഞ്ഞ് ദൈവസന്നിധിയിൽ പരിശുദ്ധാത്മാവിന്റെ നിറവിനായി കാത്തിരിക്കാം. ഇത് വലിയ ഭാഗ്യമാണ്, ഈ അവസരം നാം നന്നായി പ്രയോജനപ്പെടുത്തി ദൈവപദ്ധതിയ്ക്കായി ഉപയോഗിച്ചാൽ നന്മയാൽ തിന്മയെ ജയിക്കാൻ സാധിക്കും.

**വേദവായനഭാഗങ്ങൾ :** സങ്കീർത്തനങ്ങൾ 55: 22; 111:11; സദൃശവാക്യങ്ങൾ 8:13, 14; വിശുദ്ധ യോഹന്നാൻ 14:26; 1 കൊരിന്ത്യർ 11 : 3; 1 പത്രൊസ് 5:7; വിശുദ്ധ മത്തായി 11:28, 29

## ഭാരങ്ങളെ പങ്കുവെയ്ക്കൽ...

അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വാസിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്ത കർത്താവിന്റെ നുകം ഏറെറടുത്ത് അവനോട് പഠിക്കാൻ കഴിയണം. പഠിക്കുമ്പോൾ കർത്താവ് നമ്മൊട് കൂടെയുണ്ട്, കർത്താവിനെപ്പോലെ, നമ്മുടെ നുകം മൃദുവും ചുമടു ലഘുവും ആക്കി, സകലത്തിലും ഉന്നതവിജയം നേടാനും ദൈവത്തെ സ്തുതിച്ച് നല്ല സാക്ഷികളാകാൻ കഴിയും. ഈ ലോകത്തിലെ പഠനം ഏററവും വലിയ ഒരു ഡിഗ്രി നേടിയാൽ അവസാനിക്കുന്നില്ല, മറിച്ച് നിത്യസംഭവത്തിലൂടെയും അനുഭവത്തിലൂടെയും നാം പുതിയ പാഠങ്ങൾ പഠിക്കുന്നു. അത് മരണംവരെ നാം പഠിച്ചുകൊണ്ടിരിക്കും. ഒരു വിശ്വാസി ഈ ലോകത്തിൽ നിന്ന് വാങ്ങിപ്പോകുമ്പോൾ, തന്റെ ആത്മീയപഠനം അബ്രാഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും നേഴ്സറി സ്കൂളിൽ തുടരുന്നു. കുഞ്ഞുങ്ങൾക്ക് പ്രായത്തിനനുസരിച്ച് ആവശ്യമായ അറിവ്, ജ്ഞാനം, ബുദ്ധി എന്നിവ ലഭിച്ച്, അത് കൃത്യസമയത്ത് ദൈവഹിതപ്രകാരം പ്രയോജനപ്പെടുത്തുന്നതിനും യഹോവയിൽ ഉള്ള ഭക്തി വർദ്ധിപ്പിക്കണം, ഈ യഹോവഭക്തിയിൽ, അവന്റെ കല്പനകളെയും തിരുവചനത്തെയും രാവും പകലും ആചരിച്ച് ധ്യാനിച്ചാൽ നല്ല ബുദ്ധി കിട്ടും. ഈ നല്ല ബുദ്ധി കുഞ്ഞുങ്ങൾക്ക് കിട്ടുന്നതിന്, അവരെ അതിലേക്ക് നയിക്കുന്നതിന്, ആരാധനയും പ്രാർത്ഥനയും നോമ്പും യാമപ്രാർത്ഥനകളും കുടുംബപ്രാർത്ഥനകളും പ്രയോജനപ്പെടുത്താൻ മാതാപിതാക്കന്മാരും തലതൊട്ടപ്പന്മാരും അമ്മമാരും വളരെ ശ്രദ്ധിക്കേണം. കുഞ്ഞുങ്ങളെ നിങ്ങളുടെ പഠനഭാരവും പ്രയാസവും ആധിയും എല്ലാം തന്നെ യഹോവയുടെമേൽ വച്ചുകൊള്ളുകയെന്നും അവൻ നമ്മെ പുലർത്തുമെന്നും എന്ന വചനത്തിലൂടെ സങ്കീർത്തനക്കാരൻ വളരെ ശക്തമായി നമ്മെ പ്രബോധിപ്പിക്കുന്നു. യഹോവയിൽ ഉള്ള ഭക്തി കുറയുമ്പോൾ ഡംഭം, അഹങ്കാരം, ദുർമാർഗ്ഗം, വക്രതയുള്ള വായ് എന്നിവയാൽ നിറയും. ആയതിനാൽ യഹോവഭക്തിയാൽ നമുക്ക് നല്ല ആലോചനയും പരിജ്ഞാനവും വർദ്ധിപ്പിച്ച്, വിവേകവും വീര്യബലവും തന്ന് ഏത് വിഷമത്തെയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കീഴ്പ്പെടുത്തി, സകല പരീക്ഷകളെയും നമുക്ക് ജയിക്കാൻ കഴിയുമെന്ന് കുഞ്ഞുങ്ങൾക്ക് ബോധ്യപ്പെടുത്തി കൊടുക്കാൻ കഴിയണം. നാം ദൈവത്തിന്റെ മക്കളായി തീർന്നാൽ, 'പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും' എന്ന പ്രത്യാശയുടെ വചനത്തിന്റെ അടിസ്ഥാനത്തിൽ, കുഞ്ഞുങ്ങൾ പഠിക്കുമ്പോൾ ശ്രദ്ധിച്ച് പഠിക്കുകയും പരിശുദ്ധാത്മാവിൽ നിറഞ്ഞ് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, നിശ്ചിതസമയത്ത് പഠിച്ചകാര്യങ്ങൾ എല്ലാം ക്രമമായും ചിട്ടയായും പരിശുദ്ധാത്മാവ് ഓർമ്മപ്പെടുത്തും. കുഞ്ഞുങ്ങളെ നിങ്ങളുടെ എല്ലാ ഭാരവും പ്രയാസവും ആധിയും സങ്കടവും എല്ലാം പങ്കു വയ്ക്കാൻ നിങ്ങളുടെ തലകളുടെമേൽ മററ് നാല്, അഞ്ച് തലകൾ കൂടിയുണ്ട്. സ്ത്രീയുടെ തല പുരുഷൻ, പുരുഷന്റെ തല ക്രിസ്തു, ക്രിസ്തുവിന്റെ തല ദൈവം ആകുമ്പോൾ, കുഞ്ഞുങ്ങളെ നിങ്ങളുടെ ഭാരങ്ങൾ പങ്ക് വയ്ക്കാൻ മാതാപിതാക്കൾ, ക്രിസ്തു, ദൈവം; ആയതിനാൽ 'അവൻ നിങ്ങൾക്കായി കരുതുകയാൽ, നിങ്ങളുടെ സകല ചിന്തകളും അവന്റെമേൽ ഇട്ടുകൊൾവിൻ എന്ന് വിശുദ്ധ പത്രൊസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ സകലവും ഏൽപ്പിച്ച് എല്ലാം ക്രമമായും ചിട്ടയായും ചെയ്ത്, ആശ്വാസം നൽകുന്ന യേശുവിനെ നൂറ് ശതമാനം കിട്ടിയിട്ട്, പഠനത്തിൽ ഉന്നതവിജയം കരസ്ഥമാക്കി, വഴിയും സത്യവും ജീവനുമായ കർത്താവിന്റെ സുവിശേഷം ലോകത്തിന്റെ എല്ലായിടത്തും എത്തിക്കുന്ന വേലയിൽ നമുക്ക് പങ്ക് ചേരാം.

## സകലത്തെയും ജീവിപ്പിക്കുന്ന കർത്താവ്.......

ഒരിക്കൽ രണ്ട് തത്തമ്മ മൃഷ്ടാന്നഭോജനം കഴിഞ്ഞ് തണൽപററി ഒരു തെങ്ങോലയിൽ വിശ്രമിക്കുകയായിരുന്നു. അവരുടെ സംഭാഷണം ദൈവത്തിന്റെ കാരുണ്യത്തെയും കരുതലിനെയും സംബന്ധിച്ചായിരുന്നു. ഒന്നാമത്തെ തത്ത ചോദിച്ചു, 'ആരാണ് നമുക്കീ പഞ്ചവർണ പൂമ്പട്ടുടുപ്പ് നൽകിയത്?' രണ്ടാമത്തെ തത്ത മറുപടിയായി പറഞ്ഞു, 'പ്രപഞ്ചസൃഷ്ടാവായ സർവേശ്വരനല്ലാതെ മററാരാണിതു നമുക്കു നൽകിയത്? നമുക്കു മാത്രമല്ല, പുള്ളിക്കുപ്പായക്കാരായ കൊച്ചുകുരുവികൾക്കുപോലും അവിടുന്നാണ് വസ്ത്രവും ആഹാരവും നൽകുന്നത്.'

തത്തമ്മ തുടർന്നു, ‘ ആ താമരപ്പൊയ്കയിലെ വിടർന്നുനിൽക്കുന്ന പൂക്കൾക്ക് എന്തൊരു ഭംഗി’. ഒന്നാമത്തെ തത്തമ്മ വീണ്ടും ചോദിച്ചു, ‘ ആരാണ് നമുക്കു നിത്യവും ആഹാരം നൽകുന്നത്?’ ‘ നമ്മെ മാത്രമല്ല സകല പക്ഷിജാലങ്ങളെയും മൃഗങ്ങളെയും പോററിപുലർത്തുന്നത് ദൈവമാണ്’ രണ്ടാമത്തെ തത്തമ്മ മറുപടി പറഞ്ഞു. ‘ദൈവത്തിന്റെ ഈ കരുതലിനെ ഓർത്തു നാം സ്തോത്രഗാനമാലപിക്കാറുണ്ടല്ലോ?, ആകട്ടെ നമ്മെക്കാൾ ജ്ഞാനവും അറിവുമുള്ളവരാണല്ലോ മനുഷ്യർ. അവർ നിശ്ചയമായും ദൈവത്തിൽ വിശ്വാസമുള്ളവരായിരിക്കും, അല്ലേ?’ ഒന്നാമത്തെ തത്തമ്മ സംശയം ചോദിച്ചു. ‘ നിനക്കു തെററുപററി, അവർക്ക് നമ്മെപ്പോലെ ദൈവത്തിൽ വിശ്വാസമുണ്ടെന്നു തോന്നുന്നില്ല, ഉണ്ടെങ്കിൽ നാളെയെച്ചൊല്ലി ഇത്ര വ്യാകുലപരവശരാകുമായിരുന്നില്ലല്ലോ? നാം നാളത്തെ കാര്യമോർത്ത് ആകുലചിത്തരാകുന്നില്ല. നാം നാളേയ്ക്കുവേണ്ടി എന്തെങ്കിലും അറപ്പുരയിൽ ശേഖരിച്ചു വയ്ക്കാറുമില്ല’ രണ്ടാമത്തെ തത്തമ്മ ഉത്തരം പറഞ്ഞു. വീണ്ടും ഒന്നാമത്തെ തത്തമ്മ സംശയം ചോദിച്ചു. ‘മനുഷ്യർ ബുദ്ധിയുള്ളവരായതുകൊണ്ടല്ലേ നാളത്തേക്കുള്ളതു കൂട്ടിവയ്ക്കുന്നത്?’ രണ്ടാമത്തെ തത്തമ്മ ഇടയ്ക്കു കയറി പറഞ്ഞു, ‘ അവർ ബുദ്ധിയുള്ളവരായിരിക്കും, പക്ഷേ ദൈവത്തിൽ ആശ്രയിക്കാതെ സ്വന്തം പ്രയത്നത്തിൽ അവർ ആശ്രയിക്കുന്നു. സമ്പത്തു വാരിക്കൂട്ടാൻ അവർ വെമ്പൽകൊള്ളുന്നു. ഭിക്ഷ യാചിക്കുന്നവർപോലും എത്രയും സമ്പാദിക്കാൻ കഴിയുമോ അത്രയും സമ്പാദിക്കാൻ ശ്രമിക്കുന്നു. ചുരുക്കത്തിൽ തങ്ങളോട് തന്നെയാണ് അവർക്ക് കടപ്പാണ്. ദൈവത്തോട് കടപ്പാടില്ലെന്നു തോന്നുന്നു.’ തത്തമ്മയുടെ മറെറാരു ചോദ്യം, ‘ മനുഷ്യർ നമ്മെക്കാൾ അറിവുള്ളവരാകയാൽ ദൈവത്തെക്കുറിച്ചു കൂടുതൽ അറിവുണ്ടായിരിക്കയില്ലേ?’ മറുപടി വേഗം വന്നു, ‘ നമ്മെക്കാൾ അറിവുണ്ടായിരിക്കും, പക്ഷേ നമ്മെപ്പോലെ അനുഭവമുണ്ടായിരിക്കുകയില്ല. ദൈവശാസ്ത്രത്തിൽ മനുഷ്യർ നിപുണാണെന്നുള്ളതു വാസ്തവം തന്നെ. പക്ഷെ അവരെ എങ്ങും എത്തിക്കുകയില്ല.’ ദൈവശാസ്ത്രപരമായ അറിവിൽ ഉപരി ദൈവത്തെ സംബന്ധിച്ചുള്ള അനുഭവമാണ് നമുക്ക് ആവശ്യം. നാം ആരാണ്? ആര് ആകണം? എന്നൊക്കെ സ്വയം ചോദിച്ച്, ദൈവത്തിന്റെ പദ്ധതികൾക്കായി നമ്മെതന്നെ സ്വയം സമർപ്പിച്ചാൽ, ആദ്യം ദൈവത്തെയും ദൈവരാജ്യത്തെയും അന്വേഷിച്ചാൽ, കണ്ടെത്തിയാൽ നമുക്ക് വേണ്ടത് നമ്മളെ തേടി വരും. യഹോവഭക്തി വർദ്ധിപ്പിച്ചാൽ മതി, ജ്ഞാനം വർദ്ധിക്കും. നമ്മുടെയും മററുള്ളവരുടെയും പ്രാണാനുഭവം വിവേചിക്കാൻ ആദ്യം ജ്ഞാനം വേണം. അതിനായി നമ്മുടെ പ്രാണൻ പൂർണ്ണമായും യേശുവിന്റെ ഉള്ളിലായി സ്തുതിയെന്ന സ്തോതഗീതം പാടി ആത്മാവിൽ സന്തോഷിച്ച് നിത്യ സമാധാനമായ യേശുവിന്റെ കൂടെ വസിക്കണം.

## പ്രാർത്ഥന

ശിശുക്കളെ അടുക്കൽ വിളിച്ച് വാത്സല്യത്തോടെ അവരെ അനുഗ്രഹിച്ചവനായ ഞങ്ങളുടെ കർത്താവേശുമിശിഹാ ഞങ്ങളിൽ അങ്ങയുടെ തിരുവിഷ്ടമുണ്ടായി ഞങ്ങളെ സഹായിക്കണമെ. അങ്ങയുടെ പരിശുദ്ധ ശ്ലീഹന്മാരുടെമേൽ പരിശുദ്ധ റൂഹായെ അയച്ച് അവരെകൊണ്ട് പലഭാഷകളിൽ സംസാരിപ്പിച്ചവനായ കർത്താവേ, അങ്ങയുടെ പരിശുദ്ധ റൂഹായെ അയച്ച് ഞങ്ങൾക്ക് ജ്ഞാനവും തിരിച്ചറിവും നൽകണമെ. അങ്ങയുടെ തിരുവിഷ്ടത്തിനൊത്തവണ്ണം ഞങ്ങൾ ദൈവഭയമുള്ളവരായിരിപ്പാനും സത്യ അറിവിനെ പഠിപ്പാനും സംസാരിപ്പാനും മടിയും ഉദാസീനതയും പ്രയോജനകരമായ പഠിത്തത്തിന് നാശം വരുത്തുന്ന സകല ദുഃസ്വഭാവവും ഞങ്ങളിൽ നിന്ന് നീങ്ങിപ്പോകുവാനായിട്ട് കൃപയോടെ ഞങ്ങളെ സഹായിക്കണമെ. ഞങ്ങൾ വിചാരിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമായ സകലവും അങ്ങയുടെ തിരുനാമമഹത്വത്തിനും ഞങ്ങളുടെ പ്രയോജനത്തിനും ആക്കിത്തീർക്കണമെ. ഞങ്ങളെ സത്യവഴിയിൽ നിന്ന് തെററിപ്പാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്ന സാത്താനെയും സൈന്യങ്ങളെയും ഞങ്ങളിൽ നിന്ന് വിരോധിക്കണമെ. പഠനത്തിന് വീഴ്ചവരാതിരിക്കത്തക്കവണ്ണം രോഗങ്ങളിൽ നിന്നും സകല അപകടങ്ങളിൽ നിന്നും ഞങ്ങളെ കൃപയോടെ കാത്തുകൊള്ളണമെ. ദിവസേന കൂടുതലായ പുതിയ അറിവു സമ്പാദിപ്പാനും ഞങ്ങളോടുള്ള അങ്ങയുടെ സർവ്വകൃപകൾക്കും വേണ്ടി അങ്ങയെ സ്തുതിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. അങ്ങയുടെ കൃപയിൻകീഴ് ജീവിക്കുന്ന ഞങ്ങളെയും ഞങ്ങളെ പരിപാലിക്കുന്ന മാതാപിതാക്കളെയും ഞങ്ങളെ പഠിപ്പിക്കുന്ന ഗുരുക്കന്മാരെയും ഞങ്ങൾക്കുള്ള എല്ലാവരെയും അങ്ങ് കാത്തുസൂക്ഷിക്കുകയും ഞങ്ങളെല്ലാവരെയും അങ്ങ് തിരുവിഷ്ടപ്രകാരം ജീവിപ്പാൻ യോഗ്യരാക്കിത്തീർക്കണമെ. കർത്താവേ, യഹോവയിലുള്ള ഭക്തി വർദ്ധിപ്പിച്ച് ഞങ്ങളുടെ ജ്ഞാനം വളർത്തണമെ. നല്ല ബുദ്ധിയെ പ്രദാനം ചെയ്യണമെ. നീതിമാൻ കുലുങ്ങിപ്പോകാൻ സമ്മതിക്കാത്ത കർത്താവേ, അങ്ങയുടെ സന്നിധിയിൽ നിന്ന് അന്യപ്പെട്ട് ഒരു നിമിഷം പോലും ജീവിക്കാൻ ഞങ്ങൾക്ക് ഇടയാകരുതേ. കാര്യസ്ഥനായ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നയിക്കണമെ. സകലതും യഥാസമയം ഓർമ്മപ്പെടുത്തി, പ്രവർത്തിക്കാൻ ഇടയാക്കണമെ. ഞങ്ങളുടെമേലുള്ള തലകളുമായി സകലതും പങ്ക് വെച്ച് ഞങ്ങളുടെ ഭാരവും പ്രയാസവും ലഘുകരിച്ചു തരണമെയെന്ന് യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി കരേററുവാൻ തന്നെ, ആമേൻ.

സന്ദർശിക്കുക : www.sankethabhavan.in  www.sankethabhavan.org  www.sankethabhavan.com